അംഗീകരിക്കുന്നു. തൊഴിലാളികൾക്ക് പണിയെടുക്കണം. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ അംഗീകരിക്കപ്പെടണം. അവരുടെ എഗ്രിമെന്റ് സംബന്ധിച്ച നടപടികൾ ഉണ്ടാകണം. പിരിച്ചുവിടാൻ പാടില്ല. ഇതൊക്കെ ഉണ്ടാകണമെന്ന് നമ്മൾ അംഗീകരിക്കുന്നതാണ്. അതുകൊണ്ട് ഈ നിയമസഭയിൽ നമ്മളൊക്കെ ചേർന്നുകൊണ്ട് ശക്തമായ ഒരു പൊതു അഭിപ്രായമുണ്ടാക്കണം. ഒരു നിയമനിർമ്മാണത്തിന് അവസരമുണ്ടാക്കിയാൽ അത് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പോയാലും നിയമമുണ്ടാക്കാം. സുപ്രീം കോടതിയിൽനിന്നും വിവിധ കോടതികളിൽനിന്നും തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരായിവരുന്ന വിധികൾക്ക് നടപടി സ്വീകരിക്കുവാൻ കഴിയും. സംരക്ഷണം കൊടുക്കുവാൻ കഴിയണം. കൂടുതൽ വിശദമായ ചർച്ചയ്ക്ക് സമയം ഇല്ലാത്തതുകൊണ്ട് ഇപ്പോൾ ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാവുന്നതാണ്.

(ചർച്ച തുടരും)

(6) 2004-ലെ കേരള സംസ്ഥാന നഗരാസൂത്രണ അതോറിറ്റി ബിൽ

ശ്രീ. എ. സുജനപാൽ: സർ, 2004-ലെ കേരള സംസ്ഥാന നഗരാസൂത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, നഗരാസൂത്രണ അതോറിറ്റി എന്ന ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കുവാൻ നിയമമുണ്ടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിന് നോട്ടീസ് നൽകിയിരിക്കുന്നത്. നിലവിലുള്ള നഗരാസൂത്രണ സംവിധാനങ്ങളിൽ ധാരാളം പരിമിതികളുണ്ടെങ്കിലും അശാസ്ത്രീയമായ നഗരാസൂത്രണംമൂലം പല നഗരങ്ങളും ഗ്രാമങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്, ഇതുവഴി ഗ്രീൻബെൽറ്റ് മേഖല ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നാണ് പ്രസ്തുത അതോറിറ്റി രൂപീകരണത്തിനുള്ള ഈ ബിൽ കൊണ്ടുവന്നതിന് കാരണമായി മെമ്പർ സൂചിപ്പിച്ചിരിക്കുന്നത്. അതിനാൽ എല്ലാ ആസൂത്രണ പദ്ധതികളും സമന്വയിപ്പിച്ച് നഗരാസൂത്രണം ഫലപ്രദമായി നടപ്പാക്കുകയെന്നതാണ് ബില്ലിൽ അദ്ദേഹം വിഭാവന ചെയ്യുന്നത്. ബില്ലിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ ചുമതലകളും 1999-ലെ കേരള മുനിസിപ്പാലിറ്റീസ് (ഭേദഗതി) ആക്ടിലെ 30-ാം വകുപ്പുപ്രകാരം മുനിസിപ്പാലിറ്റികളെ ഏൽപ്പിച്ചിട്ടുള്ള പ്രാഥമിക ചുമതലകളാണ്. ഈ ചുമതലകൾ നിർവ്വഹിക്കുവാൻ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെ പര്യാപ്തമാണ്. കൂടാതെ നഗരാസൂത്രണ പദ്ധതികളുടെ ഘട്ടം ഘട്ടമായ നടത്തിപ്പ് 1994-ലെ മുനിസിപ്പാലിറ്റീസ് ആക്ട് ഷെഡ്യൂൾ 1-ലെ ഐറ്റം നമ്പർ 30 പ്രകാരം തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടെ പ്രാഥമിക ചുമതലയാണ്. മാത്രമല്ല നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും വിശദമായ ആസൂത്രണം സംബന്ധിച്ച് സാങ്കേതിക കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുവാൻ ഒരു പ്രത്യേക നഗരാസൂത്രണ സംവിധാനംതന്നെ നിലവിലുണ്ട്. ഒരു പ്രത്യേക പ്രദേശത്തെ നിസ്തുലവും നിശ്ചിതവും വൈദഗ്ദ്ധ്യപൂർണ്ണവുമായ വികസനത്തിനായി നഗരാസൂത്രണ ആക്ടിലെ 53(എ) വകുപ്പുപ്രകാരം സർക്കാർ വികസന അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആധുനിക നഗരത്തിന്റെ സമ്പൂർണ്ണ വികസനത്തിനായി മേൽപ്പറഞ്ഞ പ്രസ്താവന വായിച്ചിട്ട് തികച്ചും നിയമസംവിധാനങ്ങൾ പര്യാപ്തമാണെന്ന് മനസ്സിലാക്കുവാൻ കഴിയും. അതിനാൽ ഇത്തരത്തിലുള്ള ഒരു ബില്ലിന് അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എ. സുജനപാൽ: സർ, ഈ ബില്ലിന്റെ പ്രസക്തിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം സൂചിപ്പിച്ചതുപോലുള്ള മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിലുണ്ടെങ്കിലും ആ നിയമങ്ങളെ ഒക്കെ മറികടന്നുകൊണ്ട് നഗരാസൂത്രണത്തെ പൂർണ്ണമായി തകർത്തുകൊണ്ട് നഗരങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നമ്മൾ കാണുന്നത്. കോഴിക്കോട് നഗരസഭയുടെ ഭാഗമായ ഒരു നിയോജകമണ്ഡലത്തിൽനിന്നും ജയിച്ചുവന്ന ഒരാളാണ് ഞാൻ. പത്ത് വർഷമായി കോഴിക്കോട് നഗരത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം പരിശോധിച്ച് നോക്കിയിട്ടുണ്ടെങ്കിൽ അശാസ്ത്രീയമായിട്ടുള്ള ആസൂത്രണമാണ് നടന്നിട്ടുള്ളത്. അവിടെ നഗരം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. ഇത് കേരളത്തിൽ ഒട്ടാകെയുണ്ട്. നഗരസഭകളിൽ മുനിസിപ്പാലിറ്റി പ്രദേശങ്ങളാകമാനംതന്നെ ഇന്ന് ഇല്ലാതാകുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ : കോഴിക്കോട് മാത്രമുള്ള പ്രശ്നമല്ല ആലപ്പുഴയടക്കമുള്ള പ്രദേശങ്ങളിൽ നഗരങ്ങളെ നരകമാക്കുന്ന ആസൂത്രണമാണ് ഇപ്പോൾ നടക്കുന്നത്.

ശ്രീ. എ. സുജനപാൽ : നഗരങ്ങൾ നരകമാകുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മുനിസിപ്പാലിറ്റീസ് ആക്ടിനെക്കുറിച്ചു പറഞ്ഞു. മുനിസിപ്പാലിറ്റീസ് ആക്ട് നിലവിലുണ്ട്. ഇവിടെ പ്ലാനിംഗിന്റെ ഭാഗമായി ബിൽഡിംഗ് റൂൾസ് നിലവിലുണ്ട്. ആ റൂൾസിനെ കാറ്റിൽപ്പറത്തിക്കൊണ്ട് കൺകിറ്റ് കെട്ടിടങ്ങൾ വയ്ക്കുകയാണ്. അതാണ് വികസനമെന്ന കാഴ്ചപ്പാട് ഇപ്പോഴുണ്ടാകുന്നത്. മുനിസിപ്പാലിറ്റീസ് ആക്ടിൽ ധാരാളം അപാകതകൾ കാണാൻ സാധിക്കുന്നുണ്ട്. പഞ്ചായത്ത് ആക്ട്, മുനിസിപ്പാലിറ്റീസ് ആക്ട് ഒക്കെ നിലവിലുണ്ട്. ഇതിൽ നഗരസഭകൾക്ക് കുറെ അധികാരം കൊടുത്തിട്ടുണ്ട്. കുറെ അധികാരങ്ങൾ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കുറേ അധികാരങ്ങൾ സി.ടി.പി.-ക്ക് നൽകിയിട്ടുണ്ട്. ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

ശ്രീ. കെ. ബാബു : നമ്മുടെ സംസ്ഥാനത്ത് ഡെവലപ്മെന്റ് അതോറിറ്റികളുണ്ടെങ്കിലും യാതൊരു അധികാരവും ഇന്നില്ല. എന്നാൽ മദ്രാസ് മെട്രോപൊളിറ്റൻ അതോറിറ്റി, ഡെൽഹി മെട്രോപൊളിറ്റൻ അതോറിറ്റി, ഹൈദ്രാബാദ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

യൊക്കെ പഞ്ചായത്ത് നഗരപാലികാ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ടുതന്നെ ഡെവലപ്മെന്റ് അതോറിറ്റിക്ക് വിപുലമായ അധികാരങ്ങൾ പ്രവർത്തനപരിപാടിയിലുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഡെവലപ്മെന്റ് അതോറിറ്റിയുണ്ടെങ്കിലും വിപുലമായ അധികാരമില്ല. ഉദാഹരണം ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി യാതൊരു അധികാരവുമില്ല. കൂടുതൽ അധികാരങ്ങൾ നൽകി നഗരാസൂത്രണത്തെ മെച്ചപ്പെടുത്തണമെന്നതിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എ. സുജനപാൽ:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ബില്ലിൽ വിഭാവന ചെയ്യുന്നത് നഗരാസൂത്രണത്തെക്കുറിച്ചുള്ള കാര്യങ്ങളെപ്പറ്റിയാണ്. വികസന കാര്യങ്ങളെ സംബന്ധിച്ചുള്ള അധികാരമാണ് വികസന അതോറിറ്റികൾക്ക് നൽകിയിട്ടുള്ളത്. പക്ഷേ നഗരാസൂത്രണത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന വ്യാപകമായി ഉണ്ടാകേണ്ട ഒരു നിയമത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇപ്പോഴുള്ള മുനിസിപ്പാലിറ്റീസ് നിയമത്തിനകത്തുള്ള അപാകതകൾ നമ്മൾ പലപ്പോഴും കാണുന്നുണ്ട്. ഈയിടെ ടൗൺ പ്ളാനിംഗ് ഓഫീസറെ (സി.ടി.പി.) സംബന്ധിച്ച് അഴിമതി ആരോപണം വന്നു, വിജിലൻസ് പിടിച്ചു. അങ്ങനെ ധാരാളം അപാകതകൾ ഇതിൽ കാണുന്നുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഒരു പ്രത്യേക നിയമം കൊണ്ടുവന്ന് കേരളത്തിലെ നഗരങ്ങളുടെ ആസൂത്രണത്തെ സംബന്ധിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. പി. ജയരാജൻ:</u> നമ്മുടെ സംസ്ഥാനത്ത് ആസൂത്രണബോർഡുണ്ട്. ആസൂത്രണബോർഡ് വൈസ് ചെയർമാനെതിരായി ചില ആക്ഷേപങ്ങൾ ഈ സഭയ്ക്കകത്തുവന്നു.

<u>ശ്രീ. എ. സുജനപാൽ:</u> അത് നഗരത്തിലെ ആസൂത്രണത്തെക്കുറിച്ചാണ് പറയുന്നത്. ഇപ്പോൾ നഗരങ്ങളിലുള്ള ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. 25 വർഷം മുമ്പുണ്ടാക്കിയിട്ടുള്ള ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗിന്റെ കാലാവധി കഴിഞ്ഞു. മുനിസിപ്പാലിറ്റി നിയമമുണ്ടെന്ന് വച്ചിട്ട് ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് ഒരു നഗരത്തിലുമില്ല. കോഴിക്കോടുമില്ല, കൊച്ചിയിലുമില്ല, തിരുവനന്തപുരത്തുമില്ല. ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. കാലാവധി കഴിഞ്ഞ ഡീറ്റെയിൽഡ് ടൗൺ പ്ളാൻ ആണ് ഇന്ന് നിലവിലുള്ളത്. 25 വർഷങ്ങൾക്കുശേഷം നഗരങ്ങളിലൊക്കെ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ശാസ്ത്രീയമായ പഠനം നടത്തുന്ന രൂപത്തിൽ ടൗൺ പ്ളാനിംഗിന് സംവിധാനമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

[12.00 noon]

<u>ശ്രീ. എം. വി. ജയരാജൻ:</u> അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ടൗൺ പ്ളാനിംഗിൽ ഇന്ന് കുത്തഴിഞ്ഞ അവസ്ഥയാണ്. സർവ്വത്ര അഴിമതിയാണ്. അതിന്റെ സ്റ്റേറ്റ് ഓഫീസറെയാണ് വിജിലൻസ് പിടിച്ചത്. അതെല്ലാം പരിഗണിച്ചാണ് ഇവിടെ അധികാരം പൂർണ്ണമായി കയ്യടക്കുന്നതിനുപകരം അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി, അധികാരങ്ങൾ തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾക്ക് കൊടുത്തത്. ഇപ്പോൾ ഒരധികാരവുമില്ല. ഇപ്പോൾ പ്രത്യേകമായിട്ടുള്ള പ്ലോട്ടിന്, അതിനൊരു അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. അത് അങ്ങയുടെ കോർപ്പറേഷനിലും ചെയ്തിട്ടുള്ള കാര്യമാണ്. അതെല്ലാം ഒഴിവാക്കാൻ വേണ്ടിയാണോ പുതിയ നിയമനിർമ്മാണം അങ്ങ് ശുപാർശ ചെയ്യുന്നത്?

ശ്രീ. എ. സുജനപാൽ: കേരളത്തിലെ നഗരങ്ങളുടെ ആസൂത്രണം സംബന്ധിച്ചുള്ള ഒരു പുതിയ സംവിധാനത്തെക്കുറിച്ചാണ് പറയുന്നത്. അതാണ് ബില്ലിൽ വിഭാവന ചെയ്തിട്ടുള്ളത്. വികസന അതോറിറ്റികളുടെ കാര്യമാണ് താങ്കൾ പറഞ്ഞത്. വികസന അതോറിറ്റികൾ ഇന്ന് നിശ്ചലമാണ്. പ്രത്യേകിച്ച് പഞ്ചായത്ത് രാജ് ആക്ട് കൂടി വന്നതോടുകൂടി വെറുതെ ഒരു ബോഡി ഉണ്ടാക്കി എന്നല്ലാതെ അതിന് യാതൊരു പ്രവർത്തിയുമില്ലാത്ത അവസ്ഥയാണ്.

ശ്രീ. കെ. സി. ജോസഫ്: കേരളത്തിലെ ഓരോ നഗരത്തിനും പ്രത്യേകമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നാഷണൽ ഹൈവേയിൽ കൂടിപോയാൽ തൃശൂർ മുതൽ പാറശ്ശാല വരെ നഗരങ്ങളാണ്. കേരളത്തിലുണ്ടായ വമ്പിച്ച വികസനമാറ്റം കണക്കിലെടുത്തുകൊണ്ട് ഓരോ നഗരത്തിനും പ്രത്യേകമായ പ്ലാനിനു പകരം ഓരോ ജില്ലയ്ക്കോ സംസ്ഥാനത്തിനാകമാനമായോ സമഗ്രമായൊരു പ്ലാനിംഗ് വേണമെന്ന് തോന്നുന്നില്ലേ?

ശ്രീ. എ. സുജനപാൽ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി നഗരാസൂത്രണം സംബന്ധിച്ച് ഗവൺമെന്റിനെ ഉപദേശിക്കാനുള്ള അധികാരങ്ങളോടുകൂടി ഒരു അതോറിറ്റിയും അതേ സന്ദർഭത്തിൽ തന്നെ വിവിധ നഗരങ്ങളിൽ, മുനിസിപ്പാലിറ്റികളിൽ, കോർപ്പറേഷനുകളിൽ നഗരാസൂത്രണം സംബന്ധിച്ച് പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്താനുംവേണ്ടിയാണ് ഈ ബിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇന്ന് പ്രധാനപ്പെട്ട പ്രശ്നം പരിസ്ഥിതി പ്രശ്നമാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് സഹൃദയനായ ഒരു സാമാജികനാണ്, പാരിസ്ഥിതിക പ്രശ്നങ്ങളോടും സാഹിത്യത്തോടും കലയോടും താൽപ്പര്യമുള്ള ആളാണ്. ഇന്ന് കാണുന്ന പ്ലാനിംഗിന്റെ ഭാഗമായി നഗരങ്ങളിലൊക്കെ ഉണ്ടാക്കുന്ന പടുകൂറ്റൻ കെട്ടിടങ്ങൾ പഴയ കേരളീയ വാസ്തു ശിൽപ്പ കലയെ മുഴുവൻ വെല്ലുവിളിക്കുന്ന രീതിയിൽ കൺസ്ട്രക്ഷന്റെ മുഴുവൻ സ്വഭാവങ്ങളേയും വെല്ലുവിളിക്കുന്ന രീതിയിൽ കൂണു പോലെ വന്നുകൊണ്ടിരിക്കുയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പലതിന്റേയും അനുമതി, ലോക്കൽ ബോഡിയായാലും സി.ടി.പി. ഓഫീസിലായാലും അനുമതി കിട്ടുന്നത് മറ്റു പല മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിലാണ്. യഥാർത്ഥത്തിൽ കേരളീയ ശിൽപ്പകലയുടെ, അല്ലെങ്കിൽ കേരളത്തിന് പറ്റിയ കൺസ്ട്രക്ഷൻ രീതി കൂടി ഉൾപ്പെടുത്തുന്ന കാര്യം ബില്ലിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. സുജനപാൽ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ പാരമ്പര്യങ്ങൾക്ക് അനുയോജ്യമായ രൂപത്തിൽ നഗരാസൂത്രണം നടത്തണമെന്ന് ബിൽ വിഭാവന ചെയ്യുന്നു. ഇന്നത്തെ കാഴ്ചപ്പാട് അനുസരിച്ച് അശാസ്ത്രീയമായ നഗരാസൂത്രണമാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിലെ നഗരങ്ങളിലെ ആസൂത്രണവൈകല്യങ്ങളെക്കുറിച്ചാണ് പറയുന്നത്. സംസ്ഥാന വ്യാപകമായി നഗരമെന്നോ ഗ്രാമമെന്നോ വ്യത്യാസമില്ലാതെ അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റു രാജ്യങ്ങളിൽ നിന്ന് ആളുകൾ കേരളത്തിൽ വരുമ്പോൾ അൽഭുതം കൂറുകയാണ്. കാരണം എവിടെ നോക്കിയാലും ആളുകൾ തിങ്ങിപ്പാർക്കുന്നു. കേരളത്തിന്റെ ദേശീയപാതയിൽക്കൂടി സഞ്ചരിക്കുന്ന ആളുകൾ അൽഭുതപ്പെട്ടുപോകും. ആ നിലയിൽ കേരളമാകെ നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളം നഗരവൽക്കരിക്കപ്പെടുന്നതിന്റെ ഭാഗമായിട്ടുള്ള ഒരാസൂത്രണത്തിലേയ്ക്ക് താങ്കളുടെ ബിൽ വിഭാവനം ചെയ്യുന്നുണ്ടോ?

ശ്രീ. എ. സുജനപാൽ: തീർച്ചയായിട്ടും അതാണ് ഉദ്ദേശിക്കുന്നത്. പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ നാഷണൽ ഹൈവേയിലൂടെ യാത്ര ചെയ്താൽ കേരളം എന്നുള്ളത് ഒരു നഗരമായി മാറിക്കഴിഞ്ഞു എന്ന ഒരവസ്ഥയാണ്. നഗരവൽക്കരണത്തിന്റെ ഭാഗമായി നഗരങ്ങൾ നരകങ്ങളായി മാറുകയും ഗ്രാമങ്ങൾ മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. കേരളത്തിലെ പല നഗരങ്ങൾക്കും ഇന്ന് ഡ്രെയിനേജ് സംവിധാനമില്ല. ഡ്രെയിനേജ് സംവിധാനമില്ലാത്ത സ്ഥലങ്ങളിലാണ് ഫ്ളാറ്റുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഡ്രെയിനേജ് സംവിധാനമില്ലാത്ത നഗരങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഗുരുതരമാക്കുകയാണ് ചെയ്യുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗിനെക്കുറിച്ചും ആസൂത്രണം സംബന്ധിച്ചും വളരെ ശാസ്ത്രീയമായ ഒരു പഠനത്തിനുശേഷമാണ് പറയുന്നത്. നഗരാസൂത്രണവുമായി ബന്ധപ്പെട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമെന്നു പറയുന്നത്, 1980-ൽ 5 ലക്ഷം വാഹനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 25 ലക്ഷം വാഹനങ്ങളാണുള്ളത്. യഥാർത്ഥത്തിൽ 25 ലക്ഷം വാഹനങ്ങൾ കണ്ടുകൊണ്ടല്ല നഗരാസൂത്രണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റോഡിന്റെ വികസനം സംബന്ധിച്ച് 25 വർഷങ്ങൾക്കു മുമ്പ് പ്ളാൻ ചെയ്തത്. വാഹനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ ബില്ലിൽ യാതൊന്നും കാണുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ കൺക്ളൂഡ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ്, 25 വർഷക്കാലം നഗരത്തിൽ നടക്കുന്ന വികസനം മുന്നിൽ കണ്ടുകൊണ്ടാണ്, 25 വർഷങ്ങൾക്കു മുമ്പ് ഒരു ഡീറ്റെയിൽഡ് പ്ളാൻ ഉണ്ടാക്കിയത്. ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. അവിടെയാണ് ബില്ലിന്റെ പ്രസക്തി എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

(ചർച്ച തുടരും)